hereafter continuously, then it is time for us to look forward to other schemes or to continue our programme of flood prevention. Till that, I do not think it is advisable for us to start any further work in this direction.

*Resolution put and carried*

**M. T. A. Ramachandra Ayyar** *(Nellayi)*: A Poll, Sir.

**Ayes**

1. Mrs. Thankamma N. Menon
2. Mrs. C. R. Iyyunni
3. Mr. C. V. Iyyu
4. Mr. Damodaran Nambiar
5. Mr. T. K. Nayar
6. Mr. M. K. Devassy
7. Mr. K. R. Viswambharan
8. Mr. K. R. Ramakrishnan
9. Mr. K. S. Panicker
10. Mr. K. M. Ibrahim
11. Mr. V. K. Bhaskara Menon
12. Mr. Puthur Achyuta Menon
13. Mr. V. K. Krishnankutty
14. Mr. T. S. Ramachandra Ayyar
15. Mr. A. B. Salem
16. Mr. C. R. Iyyunni
17. Mr. E. Ikkanda Warriar
18. Mr. T. A. Ramachandra Ayyar
19. Mr. Kochukunjan Kaimal
20. Mr. Kunjan Namburipad
21. Mr. Ittiravi Nambooripad
22. Mr. Ashtamoorthi Nambooripad
23. Mr. Shabdai S. Koder
24. Mr. Walmsley
25. Mr. V. K. Kutty
26. Mr. K. S. Moni
27. Mr. K. P. Vallon

**Noes**

Mr. K. P. Kannan Nayar
Mr. K. Achyuta Menon
Dr. T. Verghese
Mr. M. Sivarama Menon
Mr. P. J. George
Mr. T. Narayana Menon
Mr. K. V. Menon
Rao Bahadur M. Narayana Menon
Rama Varmha Tampuran
Mr. V. K. Aravindaksha Menon
Mr. M. Raman Menon

## 13. Providing Ambulances for the Hospitals in Ernakulam—and Trichur

മിസ്സിസ്സ് തങ്കമ്മ. എൻ. മേനോൻ: സർ, എന്റെ പ്രമേയം ഇതാണ് "*This Council recommends to the Government the immediate necessity of providing two Ambulances, one for the Ernakulam General Hospital and one for the Trichur Civil Maternity Hospital*" ഈ പ്രമേയത്തെപ്പറ്റി അധികമൊന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. കൊച്ചീരാജ്യത്തിലെ പ്രധാന പട്ടണമായ എറണാകുളത്തും തൃശ്ശിവപേരൂരും ഉള്ള ആസ്പത്രികളിലേക്കു ഓരോ ആമ്പുലൻസ് കാർ ഉണ്ടായിരിക്കേണ്ടതു ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണ്. ഈ രണ്ടു പട്ടണങ്ങളിലും ജന സംഖ്യ ദിവസംതോറും വർദ്ധിച്ചാണ് വരുന്നതു്. ജനസംഖ്യ വർദ്ധിക്കുന്തോറും ജനങ്ങൾ തിങ്ങിപ്പാർക്കുകനിമിത്തം പല അപകടങ്ങളും എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുവാൻ ഇടയുള്ളതാണ്. ഇന്നലെ ഞാൻ ഈ കൌൺസിലിൽ നിന്നു് പോകുന്നവഴിക്കു അതികഠിനമായ പരുക്കുകൾ ഏറ്റിട്ടുള്ള ഒരാളെ നാലഞ്ചു ആളുകൾ കൂടി വെയിലത്തു ചുമന്നുകൊണ്ടു ആസ്പത്രിയിലേക്കു കൊണ്ടുപോകുന്നതായ ഒരു കാഴ്ച കണ്ടു. ആ രോഗിക്കു തന്റെ മുറിവുകളിൽനിന്നുള്ള വേദന സഹിക്കേണ്ടിവരുന്നതു കൂടാതെ ആളുകൾ എടുക്കുന്നതിലുള്ള അസഹ്യതകൂടി അനുഭവിക്കേണ്ടി വരുന്നതു" എത്രയാണെന്നു പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം പട്ടണത്തിന്റെ സ്ഥിതിതന്നെ ഒന്നാലോചിച്ചു നോക്കുക. കൊച്ചിതുറമുഖത്തിന്റെ പണി പൂർത്തിയാകുന്നതോടുകൂടി, എറണാകുളം, മട്ടാഞ്ചേരി ഈ രണ്ടുപട്ടണങ്ങൾ എത്രത്തോളം വലിയപട്ടണമായിട്ടാണ് തീരുക എന്നു് ആക്ഷം പറയുവാൻ സാധിക്കുകയില്ല. എന്നു തന്നെയല്ല യൂറോപ്പിൽ നടക്കുന്നതായ യുദ്ധം അവിടത്തെ മഞ്ഞുകാലം കഴിയുന്നതോടുകൂടി അതിശക്തിയായിട്ടു തുടങ്ങുവാനാണ് പോകുന്നതെന്നു പത്രങ്ങളിൽ കാണുന്നുണ്ടു്. അപ്രകാരമാണെങ്കിൽ എറണാകുളവും മട്ടാഞ്ചേരിയും കൊച്ചിതുറമുഖത്തിന്റെ അടുത്തു് സ്ഥിതി ചെയ്യുന്നതു കൊണ്ടു് കടൽമാർഗ്ഗമായും ആകാശമാർഗ്ഗമായും ശത്രുക്കൾ വന്നു ആക്രമിച്ചേക്കാവുന്നതാണു്. അപ്രകാരമുണ്ടാകയില്ലെന്നു ആക്ഷം പറയുവാൻ ഇപ്പോൾ തരമില്ല. ഗവൺമെണ്ടിനു ആ ഭയം ഉണ്ടെന്നു ഇവിടെ ഉണ്ടായ Blackout കൊണ്ടു തന്നെ അറിയാവുന്നതാണു്. അപ്രകാരം വല്ല air raid-മറ്റോ ഉണ്ടാകുമ്പോഴും ഈ ആംബുലൻസുകാറിന്റെ ഉപയോഗം വളരെ അധികമായി ഉണ്ടാകും. അതുകൊണ്ടു എറണാകുളത്തേക്കും തൃശ്ശിവപേരൂക്കും ഒന്നിച്ചു് മേടിക്കുവാൻ സാധിക്കുകയില്ലെങ്കിൽ, തല്ക്കാലം എറണാകുളത്തേക്കെങ്കിലും കഴിയുന്നതും വേഗത്തിൽ വാങ്ങിക്കേണ്ടതു് ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണു്. രണ്ടു സ്ഥലത്തേക്കും മേടിക്കുന്നതിനു പണമുണ്ടെങ്കിൽ എനിക്കു വിരോധമില്ല. ഈ ആമ്പുലൻസു കാറിന്റെ ഉപയോഗം ധനവാന്മാക്കും ദരിദ്രക്കും ഒരുപോലെ കിട്ടുന്നതാണു്. ധനവാന്മാർ ഇതു ഉപയോഗിക്കുന്നതായാൽ അവരിൽ നിന്നു് ഒരു കൂലി കൂടി മേടിക്കുവാൻ യാതൊരു വിരോധവുമില്ല.

Hon'ble Lady Copland Griffith, Superintendent in Chief of the St. John's Ambulance Brigade, London യൂറോപ്പിൽ യുദ്ധം തുടങ്ങുന്നതിനു് രണ്ടു മാസം മുമ്പു് എറണാകുളത്തു് വന്നു് സംസ്ഥാനാതിഥിയായി താമസിച്ചിരുന്ന സമയം Lotus Club-ൽ വരുകയും, ക്ലബ്ബിൽ വെച്ചു St. John's Ambulance Brigade-ന്റെ ഒരു ശാഖ ഇവിടെ ഏർപ്പെടുത്തേണ്ടതിനെ പറ്റിയും, ആമ്പുലൻസിന്റെ ഉപയോഗത്തെ പറ്റിയും വളരെ ഗൌരവമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. ഞങ്ങൾ എല്ലാവരും പ്രത്യേകിച്ചു ചീഫ് മെഡിക്കൽ ആഫീസർ അവർകളും തങ്ങളാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊള്ളാമെന്നു് വാക്കു കൊടുക്കുകയും ചെയ്ത വിവരം ബഹുമാനപ്പെട്ട ചീഫ് മെഡിക്കൽ ആഫീസർ മറന്നിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു ആമ്പുലൻസു കാറിനു് അയ്യായിരം ഉറുപ്പികയോളമേ വില വരുകയുള്ളു എന്നാണു് എനിക്കു തോന്നുന്നതു്. ഈസംഖ്യയിൽ കുറെ ഭാഗം ജനങ്ങളിൽ നിന്നും പിരിക്കുന്നതിനു ഗവൺമെൻറ്ഇനിഷ്യേററീവു് എടുക്കുന്നതായാൽ വളരെ എളുപ്പത്തിൽ സാധിക്കുന്നതാണു്. ഗവൺമെൻറിൽ നിന്നും ഒരു കമ്മിററിയെ രൂപീകരിച്ചു്, ബഹുമാനപ്പെട്ട ദിവാൻജി അവർകളും തന്നെ അതിലെ പ്രസിഡണ്ടാകുന്നതായാൽ ഇതിനു വേണ്ട പണം പിരിക്കുന്നതിനു് വളരെ എളുപ്പത്തിൽ സാധിക്കുന്നതാണു്. അപ്രകാരമാണെങ്കിൽ ഗവൺമെണ്ടിൽ നിന്നും കുറച്ചു സംഖ്യയേ ചിലവിടേണ്ടി വരുകയുള്ളു. ഞങ്ങൾ എല്ലാവരും ഞങ്ങളാൽ കഴിയുന്ന സഹായങ്ങൾ അതിനു ചെയ്തു തരുന്നതാണു്. ഞങ്ങൾ തന്നെ ഇതിനു് ഇനീഷ്യേററീവു് എടുക്കേണ്ടതാണെന്നു് ഒരു പക്ഷെ ചീഫ് മെഡിക്കലാഫീസർ പറയുമായിരിക്കും. അതിനു ഞങ്ങൾക്കു വിരോധമില്ല. പക്ഷെ ഞങ്ങൾ എത്ര തന്നെ പ്രയത്നിച്ചാലും അധികം സംഖ്യ പിരിക്കുവാൻ സാധിക്കുമെ

എന്ന സംശയമാണ്. ഗവൺമെൻറ് ഇന്റീഷ്യേറ്റീവ് എടുക്കുന്ന പക്ഷം മാത്രമെ ജനങ്ങൾക്കും പണം തരുന്നതിന്ന് ഉത്സാഹമുണ്ടാകയുള്ളൂ. അതുകൊണ്ട ബഹുമാനപ്പെട്ട ഗവൺമെണ്ടിനെ പണമില്ലെന്ന പറഞ്ഞു് ഈ റസല്യൂഷനെ എതിർക്കാതിരിക്കുവാൻ ചീഫ് മെഡിക്കലാപ്പീസർ അവർകളോടു പ്രത്യേകം അപേക്ഷിച്ചുകൊണ്ടും ആമ്പുലൻസു കാർ സാധുക്കൾക്കും ധനവാന്മാർക്കും ഒരു പോലെ ഉപയോഗമുള്ളതാകയാൽ സാധുക്കളുടെ ഭാഗം അതിശക്തിയായി വാദിക്കുന്നതായ മെമ്പർമാരും അതേപോലെ തന്നെ ധനവാന്മാരുടെ കാര്യം വാദിക്കുന്നതായ മറ്റു ബഹുമാനപ്പെട്ട മെമ്പർമാരും എന്റെ ഈ പ്രമേയത്തെ ശക്തിയായി പിന്താങ്ങും എന്നുള്ള പൂർണ്ണ ബോദ്ധ്യത്തോടു കൂടി ഞാൻ ഈ പ്രമേയത്തെ ബഹുമാനപ്പെട്ട് സഭയുടെ അംഗീകരണത്തിന്നായി അവതരിപ്പിച്ചുകൊള്ളുന്നു.

**Mr. Shabdai S. Koder** *(Jews):* I support the resolution. The absence of an ambulance service is very keenly felt by the public of Cochin. In every good hospital there is an ambulance service. Even in hospitals run by missioneries we find a very good ambulance service and it is therefore a shame that even such a well-equipped hospital, like the General Hospital in Ernakulam, has no such service. The initial cost of an ambulance car, I think may be roughly about 4,000 rupees and I am sure Government can very well afford to have one at Ernakulam and another at Trichur. The Mattancheri public can very well use the ambulance service at Ernakulam when the bridge is completed. There is the question of running charges. In Madras they charge Rs. 3 within the Municipal limits and I am sure the Government here also may charge the same rate. Though the Government may not get the money that is required to maintain the service at least a small amount Government will get from the public. I therefore whole-heartedly support the resolution.

**Dr. T. Verghese** *(Offg. Chief Medical Officer):* This is a resolution which the Government are pleased to accept. Government are also pleased to note that unstinted support will be forthcoming from the Hon'ble Lady Member and other ladies.

*Resolution accepted.*

## 14. Providing road—communication to Padiyur village

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: സർ, ഞാൻ ഇവിടെ അവതരിപ്പിക്കുന്ന പ്രമേയമിതാണ്. *"This Council recommends to the Government that the question of providing some means of road communication to Padiyur village should be immediately taken up."* ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുമ്പോൾ അതിനു ശക്തി കൂട്ടുന്നതിന്ന് ഒരു പ്രസംഗം ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഉദ്ദേശം 10 കൊല്ല

LIBRARY ARCHIVES Kerala Legislative Assembly